**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1283** **19-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കല്ലടക്ക - ചെർക്കള റോഡിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കല്ലടക്ക-ചെർക്കള റോഡ് പുനർനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എപ്പോഴാണ്; ഭരണാനുമതി തുക എത്രയാണ്; ടെണ്ടർ ചെയ്തതെപ്പോഴാണ്; കരാർ ഏറ്റെടുത്തതാരാണ്; കരാർ തുക എത്രയാണ്; എന്നിവ വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതിയായ കല്ലടുക്ക ചെർക്കള റോഡ് പുനർനിർമ്മാണത്തിനായി GO(Rt) No. 1502/2016/PWD പ്രകാരം 01/11/2016 തീയ്യതിയിൽ 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് 12/07/2018 തീയതിയിൽ ടെണ്ടർ ചെയ്യുകയും M/s. ഊരാളുങ്കൽ കൺസ്ട്രക്ഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് 35.68 കോടി രൂപയ്ക്ക് കരാർ ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ എപ്പോഴാണ് പൂർത്തീകരിച്ചതെന്നും ഇല്ലെങ്കിൽ ഇനി ഏതെല്ലാം പ്രവൃത്തികൾ ബാക്കിയുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായി വരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡ് പ്രവൃത്തി 21/03/2023 തീയതിയിൽ ഫോർക്ലോസ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളായ 2nd ലെയർ ടാറിംഗ്, റോഡ് സുരക്ഷാ സംവിധാനങ്ങൾ, കലുങ്കുകൾ, ഓവുചാലുകൾ, സംരക്ഷണ ഭിത്തി, പ്രധാന ജംഗ്ഷനുകളുടെ അഭിവൃദ്ധിപ്പെടുത്തൽ മുതലായവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തി 31.12.2021 ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഡി.ബി.എം.ചെയ്തതതെപ്പോഴാണെന്നും ഡി.ബി.എം.ചെയ്തു കഴിഞ്ഞാൽ എത്ര സമയത്തിനുള്ളിലാണ് ബി.സി.സെക്കന്റ് ലെയർ ടാറിംഗ് ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ; ഈ റോഡിന്റെ ബി.സി.സെക്കന്റ് ലെയർ ടാറിംഗ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത റോഡിന്റെ ഡി.ബി.എം പ്രവൃത്തി പൂർത്തിയായത് 26/04/2022 തീയതിയിലാണ്. ഡി.ബി.എം ചെയ്തതിന് ശേഷം ബി.സി സെക്കന്റ് ലെയർ തുടങ്ങുവാനുള്ള സമയപരിധി 48 മണിക്കൂർ ആണ്. പ്രസ്തുത റോഡ് പ്രവൃത്തിയുടെ 2nd ലെയർ ബി.സി പ്രവൃത്തികൾ നടത്തിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വന്ന സാഹചര്യത്തിൽ നിലവിലെ നിരക്കിൽ ബാക്കി പ്രവൃത്തികൾ ചെയ്യുവാൻ കഴിയില്ല എന്ന് കരാറുകാരൻ അറിയിച്ച സാഹചര്യത്തിൽ 21/03/2023 തീയതിയിൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ്സ് ചെയ്തിട്ടുണ്ട്. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തിയുടെ DBM പ്രവൃത്തി 2021 ഏപ്രിൽ മാസത്തിലാണ് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളത്. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തിയുടെ **BC** പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയിൽ ഇതുവരെ നടന്ന പ്രവൃത്തികളുടെ തുക എത്രയാണെന്നും കരാറുകാരന് മുഴുവൻ തുക നൽകിയോ എന്നും വ്യക്തമാക്കാമോ; നിലവിലെ കരാറുകാരനെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കി പ്രവൃത്തികളും പ്രസ്തുത കരാറുകാരൻ തന്നെ ചെയ്യുമോ എന്ന് വ്യക്തമാക്കാമോ; ഈ റോഡിന്റെ പ്രവൃത്തികൾ മുഴുവൻ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ **27,87,11,193/-** രൂപയുടെ പ്രവൃത്തി കരാറുകാരൻ ചെയ്തിട്ടുണ്ട്. ആയതു കരാറുകാരന് അനുവദിച്ചിട്ടുള്ളതുമാണ്. നിലവിലെ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾക്ക് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി, കിഫ്ബിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിന് ശേഷം ടെണ്ടർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെ ഇതുവരെ നടന്ന പ്രവൃത്തിയുടെ തുക **22,77,04,757/-** രൂപയാണ്. അന്തിമ ബിൽ **KIIFB** യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടില്ല. ഫൈനൽ ബിൽ പെന്റിംഗിലാണ്. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തിയുടെ കരാറുകാരനെ ഒഴിവാക്കിയിട്ടില്ല. മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ